# നിലാവിന്റെ കൂട്ടുകാരി



കഥ
കാർത്തിക് ശങ്കർ

ചിത്രങ്ങൾ
പ്രഭാ മല്ല്യ

'നിലാവിന്റെ കൂട്ടുകാരി'
കാർത്തിക് ശങ്കർ
, 2018. Some rights reserved: CC-BY 4.0.

ചിത്രങ്ങൾ: പ്രഭാ മല്ല്യ
2018. All rights reserved.

മലയാളം പരിഭാഷ: സുനിത ബാലകൃഷ്ണൻ & അജിത്ത് രാജ്
ആദ്യ ഇംഗ്ലീഷ് എഡിഷൻ: 2018
ടൈപ്പ് സെറ്റിങ്ങും ലേഔട്ടും : ദക്ഷിൺ ഫൌണ്ടേഷൻ, ബെംഗളൂരു

മലയാളം ലേഔട്ട് : കബിനി അമിൻ`
പ്രിൻറിംഗ്: ലോട്ടസ് പ്രിൻറർസ്, ബെംഗളൂരു

പ്രസാധനം: ദക്ഷിൺ ഫൌണ്ടേഷൻ
WWW.DAKSHIN.ORG

രജിസ്റ്റേർഡ് ഓഫീസ്:

ദക്ഷിൺ ഫൌണ്ടേഷൻ
C-305, സംവൃദ്ധി ഗാർഡെനിയ അപ്പാർട്ട്മെൻറ്സ് 88/3, ബ്യാതരായനപുര,
ബെംഗളൂരു 560092.

# നിലാവിന്റെ കൂട്ടുകാരി



കഥ
കാർത്തിക് ശങ്കർ

ചിത്രങ്ങൾ
പ്രഭാ മല്ല്യ

ജനിച്ച് ഏതാനും
നിമിഷങ്ങൾക്കകം തന്നെ
ഫാത്തിമയെ നിലാവ്
പരിചയപ്പെട്ട് കഴിഞ്ഞിരുന്നു.
ആ പെൺകുഞ്ഞിനെ നോക്കി
നിലാവ് അസാധാരണമായ
തിളക്കത്തോടെ
നിറഞ്ഞു ചിരിച്ചു. ആ
കുളിർമയാർന്ന നോട്ടം ആ
കൊച്ചുദ്വീപിനു മുകളിലൂടെ,
തെങ്ങിൻതലപ്പുകളെ തഴുകി,
കായലിന്റെ പച്ച നിറമുള്ള
വെള്ളത്തിൽ തട്ടി കുതിച്ചങ്ങു
പോയി.

ഒരു ഭൂപടത്തിലും കാണാൻ
കഴിയാത്ത അത്രയും
ചെറുതായിരുന്നു ആ ദ്വീപ്.
അവിടത്തെ കുഞ്ഞുങ്ങൾക്ക്
അര ദിവസം കൊണ്ട്
അതിനകം മുഴുവൻ
ഓടിനടക്കാവുന്ന, ഒരു കുഞ്ഞു
ആമയ്ക്ക് ഒരു മണിക്കൂർ
കൊണ്ട് അതിനു ചുറ്റും
നീന്താവുന്ന, അത്രയും ചെറുത്.



അവിടെയാണ് ചുറ്റുമുള്ള
കടൽക്കാറ്റിന്റെ ഉപ്പുമണം
ശ്വസിച്ചു ഫാത്തിമ വളർന്നത്.
വലതുവശം അലസമായ
ബില്ലം, ഇടതുവശം തുറന്ന
കടൽ, അവളുടെ തൊട്ടിലിനു
താഴെ കടൽതീരത്തെ
വെളുത്ത മണൽ.



ഫാത്തിമ നിലാവിനെ പരിചയപ്പെടുന്നത് പിന്നെയും കുറച്ചു നാൾ കഴിഞ്ഞാണ്. അവളുടെ ആദ്യ ഓർമ്മ മണലും, വെള്ളവും, വെള്ളത്തിലെ വെളിച്ചവുമായിരുന്നു. തെരുവുകളിലേയും വീടുകളിലേയും പീടികകളിലേയും വെളിച്ചം വാരിയെടുത്ത് ആരോ ചുമ്മാതങ്ങനെ വെള്ളത്തിൽ എറിഞ്ഞു എന്നാണവൾ കരുതിയത്.

എന്നിട്ടൊരു ദിവസം അവൾ തലപൊക്കി നോക്കുമ്പോൾ ദേ നിൽക്കുന്നു നിലാവ്. ഒരു വിടർന്ന ചിരിയോടെ "ഓ അപ്പൊ നീയെന്നെ  കണ്ടു പിടിച്ചുവല്ലേ?" എന്ന് നിലാവ് പറയുന്നതുപോലെ ഫാത്തിമയ്ക്ക് തോന്നി.

മുകളിൽ നിൽക്കുന്ന അമ്പിളിയെയും പിന്നെ താഴെ വെള്ളത്തിലും നോക്കിയിട്ട് നിലാവ് എത്ര എളുപ്പമായാണ് നീന്തുന്നത് എന്നവൾ അതിശയത്തോടെ ഓർത്തു.

നീന്തുന്ന നിലാവിനെ വെള്ളത്തിലൂടെ ഓടിച്ചിട്ട് പിടിച്ചു കൈക്കുമ്പിളിലെടുത്ത് വീട്ടിലേക്കു കൊണ്ടുവരാൻ  കഴിയുമെന്ന് വെറുതേയവൾ വിചാരിച്ചു.

അവൾ കാൽവിരലുകൾ മണലിലേക്ക് കുഴിച്ചിറക്കി. ബില്ലത്തിലെ കുഞ്ഞോളങ്ങൾ അവയെ പൊതിഞ്ഞു. പിന്നീട്  വീട്ടിലേക്കു നടന്നപ്പോൾ, മണലിൽ ഉപേക്ഷിച്ചു പോയ അവളുടെ ഓരോ കാൽപ്പാടിലും, വെള്ളത്തിനടിയിലെ തിളങ്ങുന്ന പച്ചനിറമുള്ള പൂത്തിരിക്കഷണങ്ങൾ വിളക്ക് കൊളുത്തിക്കൊണ്ടിരുന്നു.

ഫാത്തിമയ്ക്ക് തോണികൾ  വളരെ ഇഷ്ടമായിരുന്നു.

ഒരു ദിവസം അച്ഛൻ അവളെക്കൂട്ടി ബില്ലത്തിൽ മീൻ പിടിക്കാൻ പോകാൻ തീരുമാനിച്ചു. ഫാത്തിമയ്ക്കത് വിശ്വസിക്കാൻ കഴിഞ്ഞില്ല. അച്ഛൻ അവളെ തോണിയിലേക്ക് എടുത്തിരുത്തി, അച്ഛന്റെ സഹായികളായ ആൺകുട്ടികൾ ചാടിക്കയറി തോണി തുഴഞ്ഞിറക്കി.


അവർ പതുക്കെ ചൂര പിടിക്കാനുള്ള ചാളക്കായി വലവീശി. അതിനിടയിൽ ഒരു വല മരക്കുറ്റിയിൽ കുടുങ്ങി. അവർ അതു വലിച്ചിറക്കാൻ നോക്കിയപ്പോഴോ, തോണി ഒരു വശത്തേക്ക് ചരിഞ്ഞു. ഫാത്തിമയ്ക്ക് തോന്നിയത്  ലോകം തന്നെ ചെരിഞ്ഞു വീഴുന്നതായാണ്. പെട്ടെന്നവൾ വെള്ളത്തിലേക്ക് വീണു.





പിന്നീട് ഇതിനെക്കുറിച്ച് ഫാത്തിമ ഓർമിക്കുമ്പോഴൊക്കെ അച്ഛൻ സഹായികളായ കുട്ടികളോട്  ഉച്ചത്തിൽ സംസാരിക്കുന്നത് ഓർക്കുമായിരുന്നു. എങ്കിലും അവൾ കൂടുതൽ ഓർമിച്ചത് വെള്ളത്തിലെ വെളിച്ചമാണ്.

ഒരുപാട് സമയം കഴിഞ്ഞതുപോലെ അവൾക്കു തോന്നിയെങ്കിലും, ഒരു നിമിഷത്തിനകം ഒരു കൈ അവളെ തോണിയിലേക്ക് പിടിച്ചു കയറ്റി. അവൾക്കറിയാമായിരുന്നു, അവൾക്കൊരിക്കൽ തിരിച്ചു പോകേണ്ടി വരുമെന്ന്



അവൾ നീന്താൻ പഠിക്കേണ്ടിയിരിക്കുന്നു
എന്ന് അവളുടെ അമ്മ പറഞ്ഞു.
അവളുടെ അച്ഛനാകട്ടെ അങ്ങനെ
വേണമെന്ന് തോന്നിയില്ല,
പക്ഷെ അമ്മ നിർബന്ധം
പിടിച്ചു. അങ്ങനെ മാസ്കും
കുഞ്ഞിച്ചിറകുകളും(ഫിൻസും)
അണിഞ്ഞുകൊണ്ട്
കരയോടടുത്ത് അവൾ
നീന്തിക്കളിച്ചു.



ഒരു ദിവസം, അവളുടെ അച്ഛൻ ബില്ലത്തിനു
നടുവിലേക്ക് തുഴഞ്ഞു ചെന്ന് അവളെ
വെള്ളത്തിലേക്ക് ഇറക്കി. അവൾ താഴേക്കു
നോക്കിയപ്പോൾ ലോകം പച്ച, ചുവപ്പ്,
നീല, പർപ്പിൾ അങ്ങനെ പല നിറങ്ങളായ്
പൊട്ടി വിടർന്നു... പലതരം പവിഴപ്പുറ്റുകൾ.
ശാഖകളായും, പാറക്കെട്ട് കണക്കെയും,
വിരലുകൾ പോലെയും.

ശ്വാസം വിടാൻ താൻ
മറന്നു പോയി എന്ന്
ഫാത്തിമ പെട്ടെന്നറിഞ്ഞു.
സ്നോർക്കലിൽ നിന്നും വെള്ളം
ഊതിക്കളഞ്ഞുകൊണ്ടവൾ
നീണ്ട ഒരു ശ്വാസമെടുത്തു.

തല വെള്ളത്തിനടിയിൽ നിന്ന്
പിൻവലിക്കാതെ കുറച്ചു നേരം
കൂടി അവൾ അവിടെയൊക്കെ
ഒഴുകി നടന്നു, താഴെയുള്ള
ലോകത്തിലായിരുന്നു
അവളുടെ ശ്രദ്ധ മുഴുവനും,
മുകളിലെ ലോകം അവൾ
അറിഞ്ഞതുതന്നെയില്ല



ആമകളുടെ പിന്നാലെ പോയും,
മീനുകളെ പിന്തുടർന്നും,
പവിഴപ്പുറ്റുകളെ ശ്രദ്ധിച്ചും
അവൾ മണിക്കൂറുകൾ
ചെലവഴിക്കുമായിരുന്നു.


എത്ര തരം മീനുകളാണെന്നോ
അവിടെ! ഭീമനും കുള്ളനും,
തടിച്ചതും എല്ലിച്ചതും,
നീളമുള്ളതും കുറുകിയതും,
മഴവില്ലിന്റെ എല്ലാ നിറങ്ങളും,
ചിലപ്പോൾ ഒരേ മീനിൽ
തന്നെ.

നിറമുള്ള കൊച്ചു
സുന്ദരികളുടെ കൂട്ടത്തിൽ
ഫടത്തവും, ഫക്കികതിയയും,
ബെരിഫാട്ടും, ഓരാനും,
ഫീസവും, തൊമ്പും, ശെമ്മനും
ഒക്കെയുണ്ടായിരുന്നു!

തനിക്കറിയാവുന്ന
ആൾക്കാരുമായി മീനുകളെ
ഉപമിക്കാൻ ഫാത്തിമയ്ക്ക്
വലിയ ഇഷ്ടമായിരുന്നു.
ദേഷ്യക്കാരൻ ശെമ്മൻ
അവളുടെ അമ്മാവനായിരുന്നു,
പൊങ്ങച്ചക്കാരൻ തൊമ്പ്
അവളുടെ അച്ഛന്റെ
കൂട്ടുകാരനായിരുന്നു. സുന്ദരി
ഫക്കികതിയ അവളുടെ അമ്മയും
അനിയത്തിയും ആയിരുന്നു.

അവളോ, മുട്ടൻ മീനുകളിൽ നിന്ന്
ദൂരെമാറി നീന്തിക്കളിച്ചു നടക്കുന്ന
ഒരുപാട് നിറങ്ങളുള്ള ഒരു കോതയും.





ഒരു രാത്രിയിൽ പവിഴപ്പുറ്റിനടുത്ത്
നീന്തി നടന്നപ്പോൾ അവൾ ഒരിക്കലും
മറക്കാനാവാത്ത ഒരു കാഴ്ച കണ്ടു.
ഒരു ടോർച്ച് വിളക്കുമായി അവൾ
വെള്ളത്തിൽ നിൽക്കുകയാണ്,
പെട്ടെന്ന് മഞ്ഞുകാറ്റ് പോലെ,
പൊടിമേഘം പോലെ,
അവൾക്കു ചുറ്റും വെള്ളയും
പിങ്കും നിറമുള്ള പവിഴപ്പു
റ്റുമുട്ടകൾ.

മീനുകളെ ഫാത്തിമയ്ക്ക് ഇഷ്ടമാണ്, മീൻ പിടിക്കാൻ അവൾക്കു അതിനെക്കാളും ഇഷ്ടമായിരുന്നു. ആദ്യമൊക്കെ അവൾ ജെട്ടിയിലിരുന്നു മീൻ പിടിക്കാൻ പഠിച്ചു.

ചിലപ്പോഴൊക്കെ അവൾ അച്ഛന്റെ കൂടെ ചൂര പിടിക്കാൻ പോയിരുന്നു. ഒരു ചാള പെട്ടിയിൽ ചാളയുമായി അവർ ബോട്ടിൽ കയറിപ്പോകും. എന്നിട്ട് ചൂര കൂട്ടങ്ങളെ തിരയും. എന്നിട്ട്, അവളുടെ അച്ഛൻ ആ കൂട്ടത്തിനിടയിലൂടെ ബോട്ട് കൊണ്ടുപോയി വെള്ളം ചിതറിച്ചു കടലിലേക്കു ചാള വിതറും.

എന്നിട്ടവർ ചൂണ്ട പെട്ടെന്ന് വലിച്ച്, ചൂരയെ കൊളുത്തു മാറ്റി ബോട്ടിലേക്കിടും.





ബോട്ടിന് പിന്നിൽ ഞാന്നു കിടക്കുന്ന ചൂണ്ടകളിൽ നിന്ന് ചാമീൻ പിടിക്കാൻ ഫാത്തിമയ്ക്ക് ഇഷ്ടമായിരുന്നു. അപ്പോൾത്തന്നെ അവളുടെ അമ്മ മീൻകറി വയ്ക്കാൻ ഉപയോഗിക്കുന്ന മസാലകളെക്കുറിച്ചു അവൾ ആലോചിച്ചു തുടങ്ങും.

ചിലപ്പോൾ ആൺകുട്ടികൾ ബോട്ടിൽ വച്ച് തന്നെ മീൻ മുറിച്ചു കഴുകി അരിയോടൊപ്പം വേവിച്ചെടുത്ത് മസാല ചേർത്ത് മീൻ ബിരിയാണിയുണ്ടാക്കും! ഓ, എന്തൊരു സ്വാദ്!



മുങ്ങാംകുഴിയിടുന്ന നേരത്ത് ഫാത്തിമ ഒരിക്കൽ പച്ചനിറമുള്ള ഒരു വലിയ ആമയെ കണ്ടു. ആണാമയാണ്. അതിന്റെ നീളമുള്ള വാൽ പിന്നിൽ തള്ളി നിക്കുന്നത് കാണാം. അതല്പം പ്രായമുള്ള ഒരു ആമയായിരുന്നു. അതിന്റെ പുറംതോടിന്മേൽ എന്തോ അഴുക്കു പറ്റിപ്പിടിച്ചിരുന്നു. ഒരു കാലിന്റെ പകുതിയേ ഉണ്ടായിരുന്നുള്ളൂ. ഏതു സ്രാവാണാവോ ഈ വയസ്സൻ ഭീമനെ കടിച്ചത് എന്നവൾ അത്ഭുതപ്പെട്ടു.

പണ്ട് ഈ ബില്ലത്തിൽ നൂറുകണക്കിന് ആമകളുണ്ടായിരുന്നു ഉണ്ടായിരുന്നുവത്രേ. ഇന്നാകട്ടെ അവ വളരെക്കുറച്ച് മാത്രമേ ബാക്കിയുള്ളൂ. അവർ ശല്യക്കാരാണ് എന്നാണു അച്ഛൻ പറയുന്നത്. ബില്ലത്തിലെ പുല്ലെല്ലാം ആമകൾ തിന്നു തീർക്കുമ്പോൾ, മീനിനു വിശ്രമിക്കാനോ, ഒളിക്കാനോ മുട്ടയിടാനോ പ്രസവിക്കാനോ സ്ഥലമില്ലാതെ പോകുന്നു. ഇത് കൊണ്ടാണത്രേ ചൂര പിടിക്കാൻ അവർ ഉപയോഗിക്കുന്ന ചാള ഇവിടെയൊക്കെ ഇത്രയ്ക്ക് കുറഞ്ഞു പോയത്. പക്ഷെ ഫാത്തിമയ്ക്ക് അതിനോട് ദേഷ്യമൊന്നും തോന്നിയില്ല.

അവൻ എവിടെയൊക്കെ സഞ്ചരിച്ചിട്ടുണ്ടാവും... ആമയെപ്പോലെ താനും നീന്തിനീന്തിപ്പോകുന്നതും ആ വഴിക്കൊക്കെ കടലിലെ അത്ഭുതജീവികളെ കണ്ടുമുട്ടുന്നതും ഫാത്തിമ മനസ്സിൽ കണ്ടു.



ഫാത്തിമയ്ക്ക് ഒൻപതു വയസ്സായപ്പോഴേക്കും അവൾ ഇടയ്ക്ക് അച്ഛന്റെ തോണിയും കൊണ്ട് ബില്ലാത്തിൽ  പോയി മുങ്ങാംകുഴിയിട്ടും, ഇടയ്ക്ക് മീൻ പിടിക്കും. ഒരു മുന്നറിയിപ്പുമില്ലാതെയാണ് അന്ന് ആ കൊടുങ്കാറ്റ് വന്നത്. വലിയ കാർമേഘങ്ങൾ. ഭയങ്കര ശബ്ദത്തോടെയുള്ള ഇടിവെട്ട്. ആകാശമാകെ നിറഞ്ഞു തെളിഞ്ഞ മിന്നൽപ്പിണരുകൾ. തോരാതെ കനത്തിൽ പെയ്യുന്ന മഴ. ഫാത്തിമയ്ക്ക് പേടിയില്ലായിരുന്നു. പക്ഷെ അവൾക്ക് ദ്വീപ് കാണാൻ പറ്റുന്നുണ്ടായിരുന്നില്ല.

കൊടുങ്കാറ്റ് ഒടുങ്ങുന്നതും കാത്ത് അവൾ തോണിയിൽ തന്നെ കുനിക്കൂടിയിരുന്നു. ഇടയ്ക്ക് തോണിയിൽ കെട്ടിനിൽക്കുന്ന വെള്ളം കോരി പുറത്തേക്ക് ഒഴിച്ച് കളഞ്ഞു. ഏതാണ്ട് മൂന്ന് മണിക്കൂർ കഴിഞ്ഞിട്ടും മഴയും കാറ്റും ശക്തിയായി തുടർന്നു.

തിരകളുടെ വലുപ്പം കൂടിക്കൂടി വന്നു. താൻ ബില്ലത്തിൽ നിന്നും  കടലിലേക്ക് ഒഴുകിയെത്തിയിരിക്കുന്നുവെന്ന് അന്നേരമാണ് ഫാത്തിമയ്ക്ക് മനസ്സിലായത്.



മണിക്കൂറുകളോളം ആ ചെറിയ
തോണിയെ വൻതിരമാലകൾ
അമ്മാനമാടിക്കൊണ്ടിരുന്നു. തിരമാലകൾ
ഫാത്തിമയെ ഒരു പാവയെ എറിയും പോലെ
എറിഞ്ഞു കളിച്ചപ്പോളൊക്കെ അവൾ
ഒരു മരക്കഷ്ണത്തിൽ കെട്ടിപ്പിടിച്ചു കിടന്നു.
കൊടുങ്കാറ്റു ശമിക്കുമെന്നും അവളുടെ അച്ഛൻ
അദ്ദേഹത്തിന്റെ ചൂര പിടിക്കുന്ന വലിയ
ബോട്ടിൽ വന്നു അവളെ രക്ഷപ്പെടുത്തുമെന്നും
കുറച്ചുനേരത്തേക്കെങ്കിലും അവൾ വിശ്വസിച്ചു.

താൻ കടലിൽ ഒരുപാട് ദൂരം
പോയിക്കഴിഞ്ഞിരിക്കുന്നുവെന്നു
കുറച്ചു കഴിഞ്ഞപ്പോൾ അവൾക്കു
മനസ്സിലായി. തെക്കു ദിശയിലൂടെ
കടലിലൊഴുകി കടലാമയും
ചൂരയുംഡോൾഫിനുകളും
കൂടിക്കളിക്കുന്ന ആഴക്കടലിൽ
എത്തിക്കൊണ്ടിരിന്നു.
അവൾ പക്ഷെ താൻ
ചൂരയോ, തിമിംഗലമോ,
ഡോൾഫിനോ അല്ലായെന്നും
അവൾക്കറിയാമായിരുന്നു.
അവൾക്കു പ്രതീക്ഷ നഷ്ടപ്പെടാൻ
തുടങ്ങിയിരുന്നു.

വെള്ളം നിറഞ്ഞ തോണിയിൽ അങ്ങനെ ക്ഷീണിച്ചിരിക്കുന്ന ആ നേരത്താണ് ആരോ തന്നെ ശ്രദ്ധിക്കുന്നത് പോലെ ഫാത്തിമയ്ക്ക് തോന്നിയത്. അവൾ തല പൊക്കി നോക്കിയപ്പോഴുണ്ട് അതാ അവളുടെ പഴയ കൂട്ടുകാരി നിലാവ്. മേഘത്തിരശീലകൾ പകുത്തു മാറ്റി, അവൾക്കൊരു സന്ദേശം അയക്കാൻ ശ്രമിക്കുകയാണ്.
ഫാത്തിമക്ക് പിന്നെയും പ്രതീക്ഷ തോന്നിത്തുടങ്ങി.

നിലാവിന്റെ പുഞ്ചിരിക്കു ഇളംചൂടുണ്ടായിരുന്നു. വെളുത്ത നുരകളുടെ തുമ്പത്ത് ഉമ്മവച്ച്, വഴക്കാളികളായ വലിയ തിരകളുടെ നിറുകയിൽ കുളിര് വിതറി അവരെ ശാന്തരാക്കി, കടലിന്റെ ദേഷ്യം ആകെയങ്ങു തണുപ്പിച്ച്, നിലാവ് നൃത്തം ചെയ്യാൻ തുടങ്ങി. അതൊരു പരിഭവത്തിന്റെ ചെറിയ മുറുമുറുപ്പാകും വരെ.




അങ്ങനെ ചുറ്റും നോക്കിയ
ഫാത്തിമ ശാന്തമായ
ഒരു നിമിഷത്തിൽ
കണ്ടതെന്താണെന്നോ,
നിലാവിന്റെ ഒരു കോണിൽ,
അതാ ആഴക്കടലിൽ ഒരു
പൊട്ടു പോലെ ഒരു കുഞ്ഞുദ്വീപ്.

ആഞ്ഞു തുഴഞ്ഞ്
അവൾ ബില്ലത്തിലേക്ക്
തിരികെയെത്തി,
മണൽത്തട്ടിലേക്കിറങ്ങി
തോണി വലിച്ചു കരയ്ക്ക്
കയറ്റി വച്ചു.



ഫാത്തിമ ചെന്നെത്തിയത് ഒരു വലിയ ബില്ലമുള്ള സുഹേലി എന്ന കുഞ്ഞു ദ്വീപിലായിരുന്നു. നല്ല കാലാവസ്ഥയിൽ മാത്രം മീൻപിടുത്തക്കാർ സന്ദർശിക്കുന്ന ഒരിടം. ചില ചെറിയ കുടിലുകളിൽ അവർ ഉപേക്ഷിച്ച പോയ ചില ഭക്ഷണസാധനങ്ങൾ ഫാത്തിമ കണ്ടെത്തി.

എന്നും രാവിലെ ഫാത്തിമ ബില്ലത്തിലേക്ക് തുഴഞ്ഞു ചെന്ന് ചൂണ്ടയെറിയും. അത് കഴിഞ്ഞു അവൾ ചായ ഉണ്ടാക്കുകയും പിന്നീട് ഉപ്പും മുളകും പുരട്ടി മീൻ ചുട്ടു തിന്നുകയും ചെയ്തു പോന്നു.



ബില്ലത്തിന്റെ ഒരറ്റത്ത് അവൾ ഡോൾഫിനുകൾ കളിക്കുന്നത് ശ്രദ്ധിച്ചു നിന്നു, ചിലപ്പോൾ അവൾ അവരുടെ ഒപ്പം നീന്തിനടന്നു. ഡോൾഫിനുകൾക്ക് ഫാത്തിമയെ ഇഷ്ടമായിരുന്നു. വിചിത്രസ്വഭാവിയായ തങ്ങളുടെ ഒരു കുടുംബാംഗം കണക്കെയാണ് അവർ അവളോട് പെരുമാറിയിരുന്നത്. അവൾക്കെന്നും അവരെ കാണാൻ കഴിയുമായിരുന്നില്ല, പക്ഷെ അവർ വരുമ്പോഴൊക്കെയും അവൾക്ക് ചുറ്റും നീന്തിക്കളിച്ചുകൊണ്ടിരുന്നു. അതിലൊരു കുഞ്ഞു ഡോൾഫിനു അവളോടൊരു പ്രത്യേക ഇഷ്ടമായിരുന്നു. കുഞ്ഞു ഡോൾഫിൻ അവളെ ഇടയ്ക്കിടെ വന്നു കളിക്കാനായി തോണ്ടി വിളിക്കും.



ഒരു ദിവസം അവൾ പവിഴപ്പുറ്റ് വരെ തുഴഞ്ഞു ചെന്നപ്പോൾ കടലിലേക്ക് തുറക്കുന്ന ഒരിടം കണ്ടു. സുതാര്യമായ നീലനിറമുള്ള കടൽവെള്ളത്തിലൂടെ അവൾക്കു ഒരു ഇരുപതു മീറ്റർ വരെ താഴെയുള്ള  പവിഴപ്പുറ്റുകൾ കാണാമായിരുന്നു. മാസ്കും സ്നോർക്കലും പുറത്തെടുത്ത് അവൾ വെള്ളത്തിലേക്ക് ചാടി.

അവിടെ ചില പരിചിത രൂപങ്ങൾ കണ്ടു. ബളലയും, ഫക്കികതിയയും അവളവിടെ കണ്ടു. പിന്നെ അല്പം അകലെയായി പവിഴപ്പുറ്റിനു സമീപം കൊടിയൻന്റെ വലിയ രൂപവും, അവൾ കണ്ടു



പെട്ടെന്ന് അല്പം ദൂരത്ത് നിന്നും സുന്ദരനായ ഒരു തെരണ്ടി അവളുടെ നേരെ നീന്തിയെത്തുന്നത് കണ്ടു. കടലിലൂടെ ഒരു വിമാനം വരുന്ന ഭംഗിയോടെ, ചിറകുകളുടെ തുമ്പ് മെല്ലെ ഉയർത്തി അത് പവിഴപ്പുറ്റ് ലക്ഷ്യമാക്കി നീങ്ങുന്നതിനിടെ അവളുടെ കീഴിൽക്കൂടി നീന്തിപ്പോയി. അതിന്റെ അഴക് കണ്ടു ഒരിക്കൽക്കൂടി ഫാത്തിമ ശ്വാസം വിടാൻ മറന്നുപോയി.



തന്റെ ജീവിതത്തിന്റെ ബാക്കി ക്കാലം സുന്ദരമായ ഈ ലോകം കണ്ടുമനസ്സിലാക്കി പഠിക്കുവാൻ, മുഴുവൻ സമയം ഇങ്ങനെ വെള്ളത്തിൽ തന്നെ ചെലവഴിക്കണം എന്ന് ഫാത്തിമ ആ നിമിഷത്തിൽ തിരിച്ചറിഞ്ഞു.

സുഹേലി പ്രശാന്തമായിരുന്നു.
പക്ഷെ താമസിയാതെ തിരിച്ചു
പോകേണ്ടി വരുമെന്ന്
ഫാത്തിമയ്ക്കറിയാമായിരുന്നു.
തിരിച്ചു സ്കൂളിൽ പോകാനും,
കോളേജിൽ പോകാനും,
സർവകലാശാലയിൽ
പോകാനും, ലോകം ചുറ്റാനും.
പിന്നെ തിരിച്ചു
സുഹേലിയിൽത്തന്നെ
വരാനും തനിക്കിവിടെനിന്നു
പോയെ മതിയാവൂ.



ഭാഗ്യവശാൽ ഇത്
മഴക്കാലത്തിന്റെ
അവസാനമായിരുന്നു. കുറച്ചു
ദിവസം കഴിഞ്ഞപ്പോൾ ആദ്യ
മീൻപിടുത്ത സംഘം
പ്രത്യക്ഷപ്പെട്ടു. അവർ ആദ്യം
കണ്ടത് ഒരു വലിയ
ബില്ലത്തിൽ സ്വച്ഛതയാർന്ന
രണ്ടു ദ്വീപുകളായിരുന്നു.
അവരുടെ ബോട്ട്
ബില്ലത്തിലൂടെ
മൂളിപ്പാഞ്ഞപ്പോൾ അവിടെ
അവർ മരങ്ങളുടെ കടും
നിറത്തിനെതിരെ
വെള്ളത്തുണ്ട് പോലെ ഒരു
മണൽത്തിട്ട കണ്ടു.
മണൽത്തിട്ടയിലേക്ക് അവർ
മെല്ലെ അടുത്തപ്പോൾ അവിടെ
അമ്പിളി പോലെ ഒരു
പെൺകുട്ടി, ഒരു കൈ
എളിയിൽ കുത്തി,
ആ ദ്വീപിലെ
രാജകുമാരിയെപ്പോലെ
നിൽക്കുന്നു . അവൾ അവിടെ
സന്തുഷ്ടയായിരുന്നു,
എന്നാൽ വീട്ടിൽ പോകാൻ
അവൾ തയ്യാറുമായിരുന്നു.





വിശാലമായ ശാസ്ത്ര–വിജ്ഞാനവും, സുസ്ഥിര ഉപജീവനമാർഗങ്ങളും സാമൂഹിക–പാരിസ്ഥിതിക നീതിയും പ്രോത്സാഹിപ്പിച്ച്, പ്രകൃതിവിഭവ സംരക്ഷണവും പരിപാലനവും ലക്ഷ്യമാക്കി ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന ഒരു സർക്കാരിതര സ്ഥാപനമാണ് ദക്ഷിൺ ഫൌണ്ടേഷൻ. അടിസ്ഥാന വിവരശേഖരണ പ്രക്രിയയിൽ നിലവിലുള്ള വിടവുകൾ നികത്തുവാനും, അതോടൊപ്പം ലക്ഷദ്വീപിലെ പ്രാദേശിക ജനസമൂഹത്തെ ശാക്തീകരിച്ച് പ്രകൃതിവിഭവ നിരീക്ഷണം കൂടുതൽ കാര്യക്ഷമമാക്കുവാനും ദക്ഷിൺ ഫൌണ്ടേഷൻ ലക്ഷ്യമിടുന്നു. മൽസ്യബന്ധനത്തിൽ ഭാഗഭാക്കായിട്ടുള്ള എല്ലാവരുടേയും പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിലൂടെ, അവരിൽ കാര്യാധീശത്വം വർദ്ധിപ്പിക്കുവാനും, അതോടൊപ്പം നയരൂപീകരണത്തിനും അവയുടെ നിർവ്വഹണത്തിനുമുള്ള ഒരു വേദി ഒരുക്കുവാനുമാണ് ദക്ഷിൺ ഫൌണ്ടേഷൻ ശ്രമിക്കുന്നത്.

**EMAIL:** dakshinfoundation.india@gmail.com

**സമർപ്പണം:** ഫാത്തിമ മാതൃകയാക്കാൻ ആഗ്രഹിച്ച സമുദ്ര ശാസ്ത്രജ്ഞരായ ആൻ, മഹിമ, റൂച്ച എന്നിവർക്ക്

**കാർത്തിക് ശങ്കർ:** പർവ്വതങ്ങളേയും സമുദ്ര ജീവജാലങ്ങളേയും സ്നേഹിക്കുകയും അവയെ കുറിച്ച് പഠിക്കുകയും ചെയ്യുന്ന ഒരു പരിസ്ഥിതി ശാസ്ത്രജ്ഞനാണു കാർത്തിക് ശങ്കർ. കുട്ടികൾക്കു വേണ്ടിയുള്ള വിവിധ കഥകളും ഇദ്ദേഹം രചിച്ചിട്ടുണ്ട്. ദി ടർട്ടിൽ സ്റ്റോറി, അഡ്വെഞ്ചർ ഓഫ് ഫിലാറ്റസ് ഫ്രോഗ് തുടങ്ങിയവ കാർത്തിക്കിൻറെ ചില രചനകളാണ്.

**പ്രഭ മല്യ:** വരകളുടെ ലോകവും വർണ്ണ പെൻസിലുകളും ഇഷ്ടപ്പെടുന്ന ഒരു ചിത്രകാരിയാണ് പ്രഭ മല്യ. കുട്ടികൾക്ക് വേണ്ടി എഴുതപ്പെട്ട വിവിധ കഥകൾക്ക് പ്രഭ ചിത്രങ്ങൾ വരച്ചിട്ടുണ്ട് . ലോറിസ് മാജിക്കൽ മിസ്റ്ററി, ബീസ്റ്റി റൈറ്റൽ ഫ്രം ഹിയർ ആൻഡ് ദെയർ എന്നിവ പ്രധാന കൃതികളാണ്



ഫാത്തിമ വളർന്നത് ലക്ഷദ്വീപിലെ നിലാവിനെ കണ്ടായിരുന്നു. ദ്വീപിനെ  ചുറ്റുന്ന കടലിന്റെ ആഴങ്ങളിലുള്ള പവിഴപുറ്റുകളും, വിവിധ വർണ്ണങ്ങളിലുള്ള കടൽ മത്സ്യങ്ങളും , ഭീമൻ കടലാമകളും, തിരണ്ടിയുമൊക്കെ അവൾക്ക് വലിയ ഇഷ്ടമായിരുന്നു. ഒരിക്കൽ കടലിൽവെച്ചു, ഒരു വലിയ കൊടുങ്കാറ്റിലകപ്പെട്ടു ഫാത്തിമയെ കാണാതെയായി. നമുക്ക് ഫാത്തിമക്കൊപ്പം ചേർന്ന്, കടൽ ജീവികൾക്കൊപ്പം അവൾ കാട്ടിയ സാഹസങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വായിച്ചറിയാം. ലക്ഷദ്വീപിൻറെ വിശിഷ്ട ഭൂപ്രകൃതിയും സാമൂഹിക പശ്ചാത്തലവുമാണ് ഈ കഥയ്ക്ക് പ്രചോദനമായിട്ടുള്ളത്. ഭൂപ്രകൃതിയേയും മൽസ്യസമ്പത്തിനേയും സൂചിപ്പിക്കുവാൻ കഥയിൽ  ഉപയോഗിച്ചിരിക്കുന്ന ചില  പദങ്ങൾ ലക്ഷദ്വീപിലെ പ്രാദേശിക സംസാരഭാഷയിൽ ഉപയോഗിച്ച് കണ്ടവയാണ്. ഉദാഹരണത്തിന് കായൽ എന്ന പദത്തിന് പകരം ലക്ഷദ്വീപിൽ ഉപയോഗിച്ചുവരുന്ന ബില്ലം എന്ന  പദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്

dakshin
www.dakshin.org